**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2238** **21-06-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ബീച്ച് ആശുപത്രിയിലെ അമ്മത്തൊട്ടിൽ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിൽ സ്ഥാപിക്കുന്ന അമ്മത്തൊട്ടിൽ നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ; | (എ) | അമ്മത്തൊട്ടിൽ നിർമ്മാണം ഏകദേശം പൂർത്തിയായിട്ടുണ്ട്. നിലവിൽ ഇലക്ട്രോണിക് തൊട്ടിൽ ഘടിപ്പിക്കുന്നതിനുള്ള നടപടികൾ മാത്രം ശേഷിക്കുന്നു |
| (ബി) | പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | കോഴിക്കോട് നോർത്ത് നിയോജക മണ്ഡലം എം.എൽ.എ. ആയിരുന്ന (2016-2021) ശ്രീ. എ. പ്രദീപ് കുമാർ-ന്റെ പ്രത്യേക ആസ്തി വികസന ഫണ്ടിൽ നിന്നും 22 ലക്ഷം രൂപ അമ്മത്തൊട്ടിൽ നിർമ്മാണത്തിനായി അനുവദിച്ചിരുന്നുവെങ്കിലും ആ തുക കൊണ്ട് പണി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ തുടർന്ന് പ്രസ്തുത നിയോജക മണ്ഡലത്തെ പ്രതിനിധീകരിച്ച് എം.എൽ.എ. ആയ ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ ന്റെ ആസ്തി വികസന ഫണ്ടിൽ നിന്നും 8.17 ലക്ഷം രൂപ കൂടി അനുവദിച്ചിട്ടുണ്ട്. ഇനിയും പണി പൂർത്തീകരിയ്ക്കാനാവശ്യമായ 1.83 ലക്ഷം രൂപ ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിക്കുന്ന മുറയ്ക്ക് അമ്മത്തൊട്ടിൽ പ്രവർത്തനസജ്ജമാകുന്നതാണ്. |
| (സി) | അമ്മത്തൊട്ടിൽ അടിയന്തരമായി പ്രവർത്തനസജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | കോഴിക്കോട് നോർത്ത് നിയോജക മണ്ഡലം എം.എൽ.എ. ആയിരുന്ന (2016-2021) ശ്രീ. എ. പ്രദീപ് കുമാർ-ന്റെ പ്രത്യേക ആസ്തി വികസന ഫണ്ടിൽ നിന്നും 22 ലക്ഷം രൂപ അമ്മത്തൊട്ടിൽ നിർമ്മാണത്തിനായി അനുവദിച്ചിരുന്നുവെങ്കിലും ആ തുക കൊണ്ട് പണി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ തുടർന്ന് പ്രസ്തുത നിയോജക മണ്ഡലത്തെ പ്രതിനിധീകരിച്ച് എം.എൽ.എ. ആയ ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ ന്റെ ആസ്തി വികസന ഫണ്ടിൽ നിന്നും 8.17 ലക്ഷം രൂപ കൂടി അനുവദിച്ചിട്ടുണ്ട്. ഇനിയും പണി പൂർത്തീകരിയ്ക്കാനാവശ്യമായ 1.83 ലക്ഷം രൂപ ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എയുടെ ആസ്തി |

| | | | |
|---|---|---|---|
| | | | വികസന ഫണ്ടിൽ നിന്നും അനുവദിക്കുന്ന മുറയ്ക്ക് അമ്മത്തൊട്ടിൽ പ്രവർത്തനസജ്ജമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ